പതിനാലാം കേരള നിയമ സഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6417

21.11.2019- ൽ മറുപടിക്ക്

## മാനന്തവാടി മണ്ഡലത്തിലെ വള്ളിയൂർകാവ് പാലം നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഒ.ആർ.കേളു : | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ 20% ബജറ്റ് വിഹിതം അനുവദിച്ച മാനന്തവാടി മണ്ഡലത്തിലെ വള്ളിയൂർകാവ് പാലത്തിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ യെന്ന് അറിയിക്കുമോ; | (എ) & (ബി) & (സി) & (ഡി) | വള്ളിയൂർക്കാവ് പാലത്തിന് ഇതുവരെ ഭരണാനുമതി നൽകിയിട്ടില്ല. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പിൽ ഡിസൈൻ വിഭാഗത്തിന് നൽകി അവിടെ നിന്നും ഡിസൈൻ ലഭിച്ച് അതനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മാത്രമെ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.<br>ഈ സാമ്പത്തിക വർഷം തന്നെ ഭരണാനുമതി നൽകുന്നതിന് വേണ്ട നടപടികളാണ് സ്വീകരിച്ചു വരുന്നത്. |
| (ബി) | ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; | | |
| (സി) | ഈ സാമ്പത്തിക വർഷം തന്നെ ഭരണാനുമതി ലഭ്യമായില്ലെങ്കിൽ പ്രവൃത്തി നഷ്ടപ്പെടുന്ന സ്ഥിതി ഉണ്ടാകുമോ; ഇക്കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോയെന്ന് അറിയിക്കുമോ; | | |
| (ഡി) | വള്ളിയൂർകാവ് പാലം പദ്ധതിക്ക് സമയബന്ധിത മായി ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിക്കു ന്ന നടപടികൾ വ്യക്തമാ ക്കാമോ? | | |

സെക്ഷൻ ഓഫീസർ